## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.★391** **26.06.2014 - ൽ മറുപടിക്ക്**

### <u>ദേശീയപാതകളുടെ വിപുലീകരണ പ്രവർത്തനങ്ങൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
| --- | --- |
| **ശ്രീ.എം.എ.ബേബി**<br>**,, എളമരം കരീം**<br>**,, എം.ഹംസ**<br>**,, ബാബു എം. പാലിശ്ശേരി** | **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) ദേശീയപാതകളുടെ വീതി സംബന്ധിച്ചുള്ള സർക്കാർ നിലപാട് വ്യക്തമാക്കാമോ ; | (എ) ഭൂമി ലഭ്യമായ ഇടങ്ങളിൽ 45 മീ. വീതിയിൽ ദേശീയപാത വികസിപ്പിക്കണം എന്നു തന്നെയാണ് സർക്കാർ നയം. ആവശ്യമായ ഭൂമി ലഭ്യമല്ലാത്തയിടങ്ങളിൽ 30 മീ.ൽ കേന്ദ്ര സഹായത്തോടെ നാലു വരിപ്പാത നിർമ്മിക്കുന്ന കാര്യം സംസ്ഥാന സർക്കാർ പരിശോധിച്ചു വരികയാണ്. ഈ കാര്യങ്ങൾ സർക്കാർ തലത്തിലും സർവ്വകക്ഷി തലത്തിലും ചർച്ച ചെയ്യുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്.<br><br>ദേശീയപാതകളിലെ വികസന പ്രവർത്തനങ്ങൾ കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെയും കാലാകാലങ്ങളിൽ ഇന്ത്യൻ റോഡ് കോൺഗ്രസും (IRC) നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചുമാണ് നടത്തിവരുന്നത്. നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം സർവ്വീസ് റോഡോടു കൂടി നാലുവരി ദേശീയപാതയ്ക്കു വേണ്ടുന്ന റൈറ്റ് ഓഫ് വേ (ROW) 60 മീ. ആണ്. എന്നാൽ കേരളത്തിലെ ജനസാന്ദ്രതയും ഭൂമി ഏറ്റെടുക്കുന്നതിനുണ്ടാകുന്ന ബുദ്ധിമുട്ട |

കളും പരിഗണിച്ച് ദേശീയ പാതയുടെ റൈറ്റ് ഓഫ് വേ 45 മീ. ആയി ചുരുക്കണമെന്ന് 17.08.2010 ൽ കൂടിയ സർവ്വകക്ഷി യോഗം കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുവാൻ തീരുമാനിക്കുകയുണ്ടായി. ഇതേ തുടർന്ന് ദേശീയപാതാ വികസന പദ്ധതി ഘട്ടം II, III എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുള്ള NH-17 ന്റേയും NH-47 ന്റേയും റൈറ്റ് ഓഫ് വേ 45 മീ. ആയി കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയം അംഗീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ NH-47 ന്റെ ഭാഗമായ തൃശ്ശൂർ-അങ്കമാലി-ഇടപ്പള്ളി ഭാഗത്തെ വികസന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. വാളയാർ മുതൽ തൃശ്ശൂർ വരെയുള്ള ഭാഗത്തെ പണി പുരോഗമിച്ചു വരുന്നു.

ദേശീയപാത വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ദേശീയപാതാ വികസന അതോറിറ്റി (NHAI) മുഖാന്തിരം ബി.ഒ.റ്റി (Build Operate and Transfer) വ്യവസ്ഥയിൽ ആകെ 799 കി.മി.ആണ് 45 മീ. വീതിയിൽ വികസിപ്പിക്കുവാൻ വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ 240 കി.മീറ്ററിലെ വികസന പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. എന്നാൽ ഭൂമി ഏറ്റെടുക്കുന്നതിൽ കാര്യമായ പുരോഗതി ഉണ്ടാകാത്ത സാഹചര്യത്തിൽ NH-17 ന്റെ ഇടപ്പള്ളി കുറ്റിപ്പുറം ഭാഗവും NH-47 ന്റെ ചേർത്തല കഴക്കൂട്ടം ഭാഗവും ദേശീയ പാതാ വികസന പദ്ധതി II, III ഘട്ടങ്ങളിൽ നിന്നും ഒഴിവാക്കിക്കൊണ്ട് 05.03.2014 ൽ കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് ഹൈക്കോടതി സർക്കാരിനോട് വിശദീകരണം ആരാഞ്ഞിട്ടുണ്ടായിരുന്നുവോയെന്ന് വ്യക്തമാക്കുമോ ;

(ബി) ബഹു.ഹൈക്കോടതി മുമ്പാകെ ശ്രീ. സുരേഷ് ബാബു സമർപ്പിച്ച WP(C) 28552/ 2013 എന്ന ഹർജിയിലും ദേശീയപാതാ വികസന സമിതി സമർപ്പിച്ച WP(C)30913/2013 എന്ന ഹർജിയിലും സത്യവാങ്മൂലം സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. ആയത് സമർപ്പിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തുള്ള ദേശീയപാതകളുടെ വീതി സംബന്ധിച്ച് ദേശീയപാതാ അതോറിറ്റിയുടെ നിലപാട് എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) കേരളത്തിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ദേശീയപാതകളുടെ റൈറ്റ് ഓഫ് വേ (ROW) 45 മീറ്റർ ആയി ചുരുക്കണമെന്ന സംസ്ഥാന സർക്കാരിന്റെ നിലപാട് കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയവും ദേശീയ പാതാ വികസന അതോറിറ്റിയും അംഗീകരിച്ചിട്ടുള്ളതാണ്.

(ഡി) ദേശീയപാതകളുടെ തുടർന്നുള്ള വിപുലീകരണ പ്രവർത്തനങ്ങൾ ഏത് രീതിയിൽ നടത്താനാണ് ഉദ്ദേശിക്കുന്നത് എന്നും ഇതിന്റെ ഫണ്ട് ലഭ്യത എങ്ങനെ ആയിരിക്കുമെന്നും വിശദമാക്കുമോ ?

(ഡി) NH-17 ന്റെ ഇടപ്പള്ളി കുറ്റിപ്പുറം ഭാഗവും NH-47 ന്റെ ചേർത്തല കഴക്കൂട്ടം ഭാഗവും, 45 മീ. വീതിയിൽ വികസിപ്പിക്കുന്നതിന് ഭൂമി ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ, ദേശീയപാതാ വികസന പദ്ധതി II, III ഘട്ടങ്ങളിൽ നിന്നും ഒഴിവാക്കിക്കൊണ്ട് 05.03.2014 ൽ കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഈ ഭാഗങ്ങളിൽ വർദ്ധിച്ചു വരുന്ന വാഹന സാന്ദ്രതയും അപകട നിരക്കും പരിഗണിച്ച് ലഭ്യമായ വീതിയിൽ ദേശീയപാതകൾ വികസിപ്പിക്കുന്ന കാര്യം ആലോചിച്ചു വരുന്നു. കേരളത്തിലെ മറ്റ് അഞ്ച് ദേശീയ പാതകളായ ബോഡിമെട്ട്- കുണ്ടന്നൂർ (എൻ.എച്ച്-49),കൊല്ലം- കഴുതുരുത്തി (എൻ.എച്ച്-208),കോഴിക്കോട്-മുത്തങ്ങ (എൻ.എച്ച്-212), കോഴിക്കോട്-പാലക്കാട് (എൻ.എച്ച്-213), കൊല്ലം- തേനി

(എൻ.എച്ച്-220) എന്നിവ പേവ്ഡ് ഷോൾഡർ (ടാർ ചെയ്ത പാർശ്വം) കൂടി ബി.ഒ.റ്റി വ്യവസ്ഥയിൽ 2 വരി പാതയായി ദേശീയപാതാ വികസന പദ്ധതി IVA -യിൽ ഉൾപ്പെടുത്തി വികസിപ്പിക്കുവാനാണ് ഉദ്ദേശിച്ചിരുന്നതെങ്കിലും സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് ടി പാതകളെ ദേശീയപാതാ വികസന പദ്ധതിയിൽ നിന്ന് വേർപെടുത്തിയിട്ടുണ്ട്. ഈ ദേശീയപാതകളുടെ വികസനം നിലവിലെ നിയമമനുസരിച്ച് പേവ്ഡ് ഷോൾഡർ (ടാർ ചെയ്ത പാർശ്വം) കൂടി രണ്ടു വരിപാതയായി കേന്ദ്ര ഗവൺമെന്റ് വിഭാവനം ചെയ്തിട്ടുള്ള "ഇടനാഴി പദ്ധതി"യിൽ ഉൾപ്പെടുത്തി ടോൾ പിരിവോടു കൂടി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ